REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 17-06-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാമിക വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു.
- പതിനെട്ടാമത് ലോക്സഭാ സമ്മേളനത്തിന് മുന്നോടിയായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു, രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെയുമായി കൂടിക്കാഴ്ച നടത്തി.
- നീറ്റ് പരീക്ഷ ക്രമക്കേടിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ കർശന നടപടിയെടുക്കുമെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ.
- സംസ്ഥാനത്ത് ആറ് ജില്ലകളിൽ കനത്ത മഴയ്ക്ക് സാധ്യത മുൻനിർത്തി മഞ്ഞ ജാഗ്രത.
- ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ഏകദിന ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് വിജയം.

## വാർത്തകൾ വിശദമായി

**ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാമിക വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിന്റെ ഓർമ പുതുക്കലാണ് ഓരോ ബലിപെരുന്നാളും. പള്ളികളിലും ഈദ്ഗാഹുകളിലും പെരുന്നാൾ നമസ്കാരം നടത്തിയ ശേഷം വിശ്വാസികൾ ബന്ധു വീടുകൾ സന്ദർശിക്കും.**

**ഡെസ്ക്ക് റിപ്പോർട്ട്**

.....(വോയ്സ്)....

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗദീപ് ധൻകറും ജനങ്ങൾക്ക് ഈദ് ആശംസകൾ നേർന്നു. സഹനത്തിന്റെയും ത്യാഗത്തിന്റെയും സാമൂഹിക സൗഹാർദത്തിന്റെയും സന്ദേശമാണ് ബലിപെരുന്നാളെന്നും മനുഷ്യരാശിക്കായി നിസ്വാർത്ഥ സേവനത്തിന് ഈദ് ജനങ്ങളെ പ്രചോദിപ്പിക്കട്ടെ എന്നും ദ്രൗപതി മുർമു പറഞ്ഞു.

സമൂഹത്തിന്റെ അടിസ്ഥാന ശിലയായ ഐക്യം ,ദയ എന്നിവയുടെ മൂല്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ ഈ ദിനത്തിൽ ജഗദീപ് ധൻകർ ജനങ്ങളോട് അഭ്യർത്ഥിച്ചു. ബലിപെരുന്നാൾ കുടുംബങ്ങൾക്ക് സന്തോഷത്തിന്റെയും ഐക്യത്തിന്റെയും ആത്മാവിൽ ഒത്തു ചേരാൻ അവസരമേകട്ടെയെന്ന് അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ത്യാഗമനോഭാവത്തെയും, ആത്മസമർപ്പണത്തെയും വാഴ്ത്തുന്ന ഈദുൽ അദ്ഹ സ്നേഹവും അനുകമ്പയും കൊണ്ട് എല്ലാവരെയും കൂടുതൽ ഒരുമിപ്പിക്കട്ടെയെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശംസിച്ചു.

നിസ്വാർത്ഥമായി സ്നേഹിക്കാനും മറ്റുള്ളവർക്കായി സഹായഹസ്തം നീട്ടാനും സാധിച്ചാൽ മാത്രമേ സമത്വപൂർണമായ ലോകം സാധ്യമാകൂ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാസന്ദേശത്തിൽ പറഞ്ഞു.

അഹന്തയെ ദൂരെ എറിഞ്ഞു അപരന്റെ സങ്കടങ്ങളെ നെഞ്ചേറ്റി സാന്ത്വനം പകരാനും അവരെ ചേർത്തുപിടിക്കാനും കഴിയണമെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പെരുന്നാൾ സന്ദേശത്തിൽ പറഞ്ഞു. ആഘോഷങ്ങൾ പരിധി വിടാതെ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രയാസപ്പെടുന്നവരുടെ കൂടെ നിന്ന് ഒന്നുമില്ലാത്തവർക്ക് തുണയേകണമെന്നും ദുരിത ബാധിതരോട് ഐക്യപ്പെ ടണമെന്നും കാന്തപുരം A.P അബുബക്കർ മുസ്ല്യാർ ഈദ് സന്ദേശത്തിൽ പറഞ്ഞു.

സ്പീക്കർ A.N ഷംസീർ, കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല തുടങ്ങിയവരും ജനങ്ങൾക്ക് ബക്രീദ് ആശംസകൾ നേർന്നു.

✪✪✪

ഹജ്ജ് തീർത്ഥാടനം അവസാന ഘട്ടത്തിലെത്തി. ഇന്നലെ പുലർച്ചെ സാത്താന്റെ പ്രതീകമായ ജംറയിൽ കല്ലേറ് കർമ്മം നടത്തിയ തീർത്ഥാടകർ ബലിയർപ്പണം പൂർത്തിയാക്കി കഅ്ബ പ്രദക്ഷിണം നടത്തി. പിന്നീട് തല മുണ്ഡനം ചെയ്ത് പുതുവസ്ത്രം ധരിച്ച് പെരുന്നാൾ ആഘോഷിച്ചു. ഇന്നും നാളെയുമായി മിനായിലെ കല്ലേറ് കർമ്മം പൂർത്തിയാക്കി കഅ്ബ യ്ക്കു

ചുറ്റും വിടവാങ്ങൽ പ്രദക്ഷിണം നടത്തുന്നതോടെ ഹജ്ജ് കർമ്മത്തിന് സമാപനമാകും.

✪✪✪

ഈ മാസം 24 ന് ആരംഭിക്കുന്ന പതിനെട്ടാമത് ലോക്സഭാ സമ്മേളനത്തിന് മുന്നോടിയായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു, രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെയുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. രാജ്യപുരോഗതിക്കു വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ കൂടിക്കാഴ്ചയിൽ ധാരണയായതായി റിജിജു സാമൂഹ്യമാധ്യമ പോസ്റ്റിൽ അറിയിച്ചു. സമ്മേളന കാലത്ത് പുതിയ ലോക്സഭാംഗങ്ങളുടെ സത്യപ്രതിജ്ഞയും, സ്പീക്കർ തിരഞ്ഞെടുപ്പും നടക്കും.

ലോക്സഭയുടെയും, രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. ഈ മാസം 27 നാണ് രാജ്യസഭാ സമ്മേളനം ആരംഭിക്കുന്നത്. ജൂലൈ മൂന്നിന് സമ്മേളനം സമാപിക്കും.

✪✪✪

ഇത്തവണത്തെ നീറ്റ് പരീക്ഷ ക്രമക്കേടിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ കർശന നടപടിയെടുക്കുമെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ വ്യക്തമാക്കി. രണ്ടിടങ്ങളിൽ പരീക്ഷാക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് ഒഡീഷയിലെ സാംബൽപൂരിൽ അദ്ദേഹം പറഞ്ഞു. ഈ സംഭവത്തിൽ ഗവൺമെന്റിന് ആശങ്കയുണ്ടെന്നും, കുറ്റക്കാരെ വെറുതെ വിടില്ലെന്നും അദ്ദേഹം അറിയിച്ചു. 1,563 വിദ്യാർത്ഥികൾക്ക് സുപ്രീംകോടതി ഉത്തരവു പ്രകാരം റീടെസ്റ്റ് നടത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

സിക്കിമിലെ മണ്ണിടിച്ചലിലും മലവെള്ള പാച്ചിലിലും കുടുങ്ങിപ്പോയ ആയിരത്തി ഇരുന്നൂറോളം വിനോദസഞ്ചാരികളെ ഒഴിപ്പിക്കുന്നതിന് ശ്രമം തുടരുന്നു.കാലാവസ്ഥ അനുകൂലമാവുകയാണെങ്കിൽ ഇവരെ വിമാനമാർഗമോ റോഡ്മാർഗമോ ഒഴിപ്പിക്കാൻ നടപടി എടുക്കും.

✪✪✪

പെട്രോൾ, ഡീസൽ വില വർദ്ധിപ്പിച്ച കർണാടക ഗവൺമെന്റ് നടപടിയെ പെട്രോളിയം മന്ത്രി ഹർദ്ദീപ് സിംഗ് പുരി നിശിതമായി വിമർശിച്ചു. ഇന്ധനങ്ങളുടെ വിൽപന നികുതി വർദ്ധനയിലൂടെ ലിറ്ററിന് മൂന്ന് രൂപയാണ് ഉടൻ പ്രാബല്യത്തിൽ വരുന്ന വിധം കർണാടക ഗവൺമെന്റ് വർദ്ധിപ്പിച്ചത്. BJP ഭരിക്കുന്ന സംസ്ഥാനങ്ങളേക്കാൾ 12 രൂപ വരെ വർദ്ധനയാണ്

കർണാടകത്തിൽ ഉണ്ടായതെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ ഹർദ്ദീപ് സിംഗ് പുരി കുറ്റപ്പെടുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് പരിപാടിയിലേക്ക് ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ സമർപ്പിയ്ക്കാം. ടോൾഫ്രീ നമ്പറിലോ, നരേന്ദ്രമോദി ആപ്പ് വഴിയോ, My Gov ഓപ്പൺ ഫോറം വഴിയോ ആശയങ്ങൾ നൽകാം. ഈ മാസം 30 നാണ് മൻ കി ബാത്തിന്റെ 111-ാം പതിപ്പ് പ്രക്ഷേപണം ചെയ്യുന്നത്.

✪✪✪

സംസ്ഥാനത്ത് ആറ് ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത മുൻനിർത്തി ഇന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാനും സാധ്യതയുണ്ട്.

✪✪✪

കലിക്കറ്റ് സർവകലാശാലാ കാമ്പസിലെ എട്ട് പദ്ധതികൾ മന്ത്രി ഡോ. R ബിന്ദു നാളെ ഉദ്ഘാടനം ചെയ്യും. ഡേ കെയർ, ത്രിഗുണ സെന്റ് അരീന, സസ്യ ഉദ്യാനത്തിലെ നവീകരിച്ച നീന്തൽകുളം എന്നിവയടക്കം പദ്ധതികൾ ഇവയിലുൾപ്പെടുന്നു.

✪✪✪

തിരഞ്ഞെടുപ്പ് ഫലം വിലയിരുത്തുന്നതിന് CPIM നേതൃയോഗം തിരുവനന്തപുരത്ത് തുടങ്ങി. 20 മണ്ഡലങ്ങളിലെയും വോട്ട് വിഹിതമടക്കം കാര്യങ്ങൾ രണ്ടു ദിവസത്തെ സംസ്ഥാന സെക്രട്ടേറിയറ്റ് യോഗവും, തുടർന്ന് മൂന്ന് ദിവസം ചേരുന്ന സംസ്ഥാനസമിതിയോഗവും ചർച്ച ചെയ്യും. പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് എന്നിവർ യോഗത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്നുണ്ട്.

✪✪✪

ഒരുമാസത്തോളം നീണ്ട കൊട്ടിയൂർ വൈശാഖ മഹോത്സവം ഇന്ന് സമാപിക്കും. വൈശാഖമഹോത്സവത്തിൽ ഇത്തവണ വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.Oശശിധരൻ.

**.....(വോയ്സ്)........**

✪✪✪

**ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിലെ ആദ്യമത്സരത്തിൽ ഇന്ത്യയ്ക്ക് 143 റൺസ് വിജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 265 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക 122 റൺസിന് പുറത്തായി.**

**ഇന്ത്യക്ക് വേണ്ടി ആശ ശോഭന നാല് വിക്കറ്റെടുത്തു. ഓപ്പണർ സ്മൃതി മന്ഥാന 117 റൺസ് നേടി.**

✪✪✪

**ICC ലോകകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ പാകിസ്ഥാൻ, അയർലണ്ടിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. ഇരുടീമുകളും ഇതിനകം ടൂർണമെന്റിൽ നിന്ന് പുറത്തായിട്ടുണ്ട്.**

**ഇന്ന് ഗ്രൂപ്പ് D യിൽ ബംഗ്ലാദേശ്, നേപ്പാളുമായാണ് ഏറ്റുമുട്ടുന്നത്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ബംഗ്ലാദേശ് 19.3 ഓവറിൽ 106 റൺസെടുത്തു.**

**ശ്രീലങ്ക- നെതർലൻസ് മത്സരവും സെന്റ് ലൂസിയ യിൽ പുരോഗമിക്കുന്നു. ശ്രീലങ്ക ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അവർ 9.2 ഓവറിൽ രണ്ട് വിക്കറ്റിന് 70 റൺസെടുത്തു.**

**വൈകിട്ട് ഗ്രൂപ്പ് C യിൽ ന്യൂസിലാന്റ്, പാപ്പുവ ന്യൂഗിനിയയെ നേരിടും. ട്രിനിഡാഡിലാണ് മത്സരം.**

✪✪✪

**പാലക്കാട് പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ കൈവശമുണ്ടായിരുന്ന 35 ഏക്കർ ഭൂമി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തു. ഭൂമി വിട്ടു നൽകാൻ തയ്യാറാണെന്നു കമ്പനി രേഖാമൂലം അറിയിച്ചതിനെ തുടർന്നായിരുന്നു നടപടി. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി മാർച്ചിൽ റവന്യു വകുപ്പ് ഉത്തരവിറക്കിയിരുന്നു. പാലക്കാട് RDO യുടെ നേതൃത്വത്തിലാണ് ഉദ്യോഗസ്ഥർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഇന്നലെ രേഖകൾ ഏറ്റുവാങ്ങിയത്. ജല ചൂഷണത്തിനെതിരെ വർഷങ്ങൾ നീണ്ട ജനകീയ സമരത്തെ തുടർന്നാണ് പ്ലാച്ചിമടയിലെ കോള കമ്പനി പൂട്ടിയത്.**

✪✪✪

**കുവൈറ്റിലെ തീപിടിത്തത്തിൽ മരിച്ച പത്തനംതിട്ട സ്വദേശികളുടെ വീടുകൾ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് സന്ദർശിക്കും. രാവിലെ**

തിരുവല്ലയിലെത്തുന്ന അദ്ദേഹം, പന്തളം, വാഴമുട്ടം, കോന്നി, കീഴ്-വായ്പൂർ എന്നിവിടങ്ങളിൽ മരിച്ചവരുടെ വീടുകൾ സന്ദർശിക്കുമെന്ന് BJP ജില്ലാ പ്രസിഡന്റ് V.A സൂരജ് അറിയിച്ചു.

✪✪✪

ദുരന്തത്തിൽ മരിച്ച പത്തനംതിട്ട കോന്നി സ്വദേശി സജു വർഗീസിന്റെയും മല്ലപ്പള്ളി കീഴ്-വായ്പൂര് സ്വദേശി സിബിൻ T. ഏബ്രഹാമിന്റെയും സംസ്കാരം ഇന്നു നടത്തും. സജു വർഗ്ഗീസിന്റെ സംസ്കാരം അട്ടച്ചാക്കൽ സെൻറ് തോമസ് മാർത്തോമ്മ പള്ളിയിലാണ്. സിബിൻ T എബ്രഹാമിന്റെ മൃതദേഹം കീഴ് വായ്പൂർ സെൻറ് തോമസ് മാർത്തോമ്മാ പള്ളിയിൽ സംസ്കരിക്കും.

✪✪✪

കേന്ദ്രസഹമന്ത്രിയായ ശേഷം ആദ്യമായി സുരേഷ് ഗോപി ജന്മനാട്ടിലെത്തി. കൊല്ലം മാടൻനടയിലെ കുടുംബവീട്ടിലെത്തിയ അദ്ദേഹം, കൊല്ലൂർവിള ഭരണിക്കാവ് ദേവീക്ഷേത്രത്തിൽ ദർശനവും നടത്തി. BJP ജില്ലാ പ്രസിഡണ്ട് B.B ഗോപകുമാർ അടക്കം ജില്ലാനേതാക്കൾ വീട്ടിലെത്തി സുരേഷ്ഗോപിയുമായി കൂടിക്കാഴ്ച നടത്തി.

✪✪✪

കോഴിക്കോട്ട് രണ്ട് കോടി രൂപയുടെ മയക്ക് മരുന്ന് പിടികൂടിയ സംഭവത്തോട് ബന്ധപ്പെട്ട് ഒളിവിലായിരുന്ന രണ്ട് പ്രതികളിൽ ഒരാളെ പൊലീസ് പിടികൂടി. നിലമ്പൂർ സ്വദേശി ഷൈൻ ഷാജിയെ ബംഗളൂരുവിൽ എത്തിയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. പുതിയങ്ങാടിയിലെ വാടക വീട് കേന്ദ്രീകരിച്ച് ലഹരി കച്ചവടം നടത്തിയ സംഘത്തിൽ നിന്ന് കഴിഞ്ഞ മാസം 19 നാണ് എക്സൈസും പൊലീസും ചേർന്ന് മയക്കുമരുന്ന് കണ്ടെടുത്തത്. വീട്ടിലുണ്ടായിരുന്ന രണ്ട് പേർ ഓടി രക്ഷപ്പെട്ടു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പിടികൂടിയത്.

✪✪✪